പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1435** **03/05/2017-ൽ മറുപടിയ്ക്ക്**

## സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും അർപ്പണ മനോഭാവവും ഉയർത്തുവാൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും അർപ്പണ മനോഭാവവും ഉയർത്തുവാനായി ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, കംപ്യൂട്ടർവൽക്കരണം, ഇ-ഓഫീസ്, പഞ്ചിംഗ് സിസ്റ്റം, എന്നിവ ഉൾപ്പെട്ട വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാർ ഉദ്യോഗസ്ഥരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ജോലിഭാരം കുറഞ്ഞ വകുപ്പുകളും ജോലിഭാരം കൂടിയ വകുപ്പുകളും ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) & (സി) | വിവിധ സർക്കാർ വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം അതത് വകുപ്പുകളിൽ ജോലിഭാരം നിർണ്ണയിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സമയബന്ധിതമായി പഠനം നടത്തുകയും തസ്തിക സൃഷ്ടിക്കൽ, പുനർവിന്യാസം തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിന് ശുപാർശ നൽകുകയും ചെയ്യുന്നുണ്ട്. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് സർക്കാർ തലത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു. ഓരോ വകുപ്പിലെയും ജോലിഭാരം കണക്കിലെടുത്താണ് ആ വകുപ്പിലെ തസ്തിക നിർണ്ണയം നടത്തുന്നത്. എന്നാൽ, ജോലിഭാരം കുറഞ്ഞ വകുപ്പുകളും ജോലിഭാരം കൂടിയ വകുപ്പുകളും ഏതെല്ലാമെന്ന് കണ്ടെത്തുന്ന തരത്തിൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലെയും ജോലിഭാരം സംബന്ധിച്ച് പൊതുവായ ഒരു പഠനമോ, താരതമ്യ പഠനമോ സർക്കാർ തലത്തിൽ ഇതേവരെ നടത്തിയിട്ടില്ല. |
| (സി) | ഇത്തരം പോരായ്മകൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; ജോലിഭാരം കുറഞ്ഞ വകുപ്പുകൾ ജോലിഭാരം കൂടിയ വകുപ്പിൽ ലയിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ